13284
10/7/18

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് – കോഴിക്കോട് ഡിവിഷൻ – കുറ്റ്യാടി റെയിഞ്ച് – പക്രംതളം ചൂരണി വനസംരക്ഷണ സമിതി രൂപീകരണത്തിലെ അഴിമതി – ശ്രീ.പി.അബ്ദുൾ ജലീൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്ക നടപടി – ഔപചാരികാന്വേഷണത്തിന് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.308/2018/വനം** തീയതി,തിരുവനന്തപുരം, 28/06/2018

---

പരാമർശം:- 1 21.11.2016 ലെ കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിന്റെ എഫ്.എസ്.ഡി.കെ./പി1-1207/16-ാം നമ്പർ റിപ്പോർട്ട്

2 24.02.2017 ലെ വിജിലൻസ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ വിജ-51620/16-ാം നമ്പർ കത്ത്

3 13.04.2017, 31.03.2018 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ബി1-13106/17 നമ്പർ കത്തുകൾ.

4 17.06.2017 ലെ FWLD-A1/45/17-FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും.

5 21.07.2017 തീയതിയായി ശ്രീ.പി.അബ്ദുൾ ജലീൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദപത്രിക.

<u>ഉത്തരവ്</u>

കോഴിക്കോട് വനം ഡിവിഷനിലെ കുറ്റ്യാടി റെയിഞ്ചിലെ പക്രംതളം-ചൂരണി ഭാഗത്ത് വനസംരക്ഷണ സമിതിയുടെ രൂപീകരണ സമയത്ത് നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് സമിതി അംഗങ്ങൾ നൽകിയ പരാതിയിന്മേൽ കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കി.പ്രസ്തുത അന്വേഷണത്തിൽ ടി വനസംരക്ഷണ സമിതിക്ക് മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനായി അടങ്കൽ സമർപ്പിച്ച് പാസ്സാക്കിയെടുത്ത ശേഷം പ്രവൃത്തി ചെയ്യാതെ വ്യാജ ബില്ലുകൾ

തയ്യാറാക്കി സമർപ്പിച്ച് സർക്കാരിന്റെ 41,693/- രൂപ ശ്രീ.പി.അബ്ദുൾ ജലീൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ കൈപ്പറ്റിയതായി തെളിയുകയുണ്ടായി.

2) മേൽ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഗുരുതരമായ അഴിമതിയും അച്ചടക്ക ലംഘനവും നടത്തിയ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.പി.അബ്ദുൾ ജലീലിനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്) , അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) എന്നിവർ പരാമർശം (2), (3) പ്രകാരം ശുപാർശ ചെയ്തു. തുടർന്ന് കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 1 5 പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക, പരാമർശം ( 4 ) പ്രകാരം നൽകി അച്ചടക്കനടപടി ആരംഭിച്ചു. ടിയാനെതിരെയുള്ള ചാർജ്ജുകൾ താഴെ പറയുന്നവയാണ്:

(i) ടിയാൻ കോഴിക്കോട് വനം ഡിവിഷനിലെ കുറ്റ്യാടി റെയിഞ്ചിൽ പക്രംതളം-ചൂരണി വനസംരക്ഷണ സമിതിക്ക് മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനായി അടങ്കൽ സമർപ്പിച്ച് പ്രവൃത്തി ചെയ്യാതെ ബിൽതുക കൈപ്പറ്റിയതു മുഖേന സർക്കാരിന് 41,693/- രൂപ നഷ്ടം വരുത്തി

(ii) പി.ആർ.എ. പ്രവൃത്തി ചെയ്യാതെ അടങ്കലിൽ പറഞ്ഞ ഇനങ്ങൾക്ക് വിരുദ്ധമായി വ്യാജ വൗച്ചറുകൾ തയ്യാറാക്കി സമർപ്പിക്കുക വഴി സർക്കാരിനെ കബളിപ്പിച്ചു.

(iii) വന സംരക്ഷണ സമിതി രൂപീകരിച്ച് മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനായി 25,000/- രൂപ വരെ ചെലവാക്കാം എന്ന നിർദ്ദേശം നിലവിലുള്ള സാഹചര്യത്തിൽ 48,000/- രൂപയുടെ അടങ്കൽ നിലവിലുള്ള ചട്ടങ്ങളും നിർദ്ദേശങ്ങളും പാലിക്കാതെ പാസ്സാക്കുവാൻ കൂട്ടു നിൽക്കുക വഴി സർക്കാർ നടപടികൾക്കു വിരുദ്ധമായി പ്രവർത്തിച്ചു.

(iv) ടിയാന്റെ മേൽപ്പറഞ്ഞ പ്രവൃത്തികൾ കൃത്യനിർവ്വഹണത്തിലെ അനാസ്ഥയും അച്ചടക്കലംഘനവും സത്യസന്ധതയില്ലായ്മയും ആയതിനാൽ 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ 3-ാം ചട്ടത്തിന്റെ ലംഘനവുമാണ്.

3) ശ്രീ..പി.അബ്ദുൾ ജലീൽ പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിക പരിഗണനാർഹമല്ലെന്നും തുടർനടപടി സ്വീകരിക്കാവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), പരാമർശം (3) ലെ 31.03.2018-ലെ കത്ത് പ്രകാരം അഭിപ്രായപ്പെട്ടു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഈ വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനും ശ്രീ.പി.അബ്ദുൾ ജലീൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിന് നിരപരാധിത്വം തെളിയിക്കുന്നതിന് ഒരവസരം നൽകുന്നതിനുമായി ഔപചാരികാന്വേഷണം നടത്തുന്നതിനും, അന്വേഷണാധികാരിയായി വയനാട് വൈൽഡ് ലൈഫ് വാർഡൻ, ശ്രീ.എൻ.ടി.സാജൻ, ഐ.എഫ്.എസിനെയും പ്രസന്റിംഗ് ഓഫീസറായി മുത്തങ്ങ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, ശ്രീ.വി.അജയഘോഷിനെയും നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

5) അന്വേഷണാധികാരി കർശനമായും 2 മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.പ്രവീൺ
ജോയിന്റ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.എൻ.ടി.സാജൻ, ഐ.എഫ്.എസ്, വൈൽഡ് ലൈഫ് വാർഡൻ, വയനാട്.
ശ്രീ.വി.അജയഘോഷ്, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, മുത്തങ്ങ.
ശ്രീ.പി.അബ്ദുൾ ജലീൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ